**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1354** | **27-07-2021 - ൽ മറുപടിയ്ക്ക്**

**കാലിത്തീറ്റക്ഷാമം പരിഹരിക്കുന്നതിനും വിലനിയന്ത്രിക്കുന്നതിനും നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ. പ്രേംകുമാർ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പ്രതിസന്ധിയെ അതിജീവിക്കുന്നതിന് ക്ഷീരകർഷകർക്കും തൊഴിലാളികൾക്കും ഗുണകരമായ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കോവിഡ് പ്രതിസന്ധിയെ അതിജീവിക്കുന്നതിന് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്തു വരുന്നു. ഈ വർഷം 2.81 ലക്ഷം ചാക്ക് കാലിത്തീറ്റയാണ് ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നത്. 2.04 ലക്ഷം കർഷകർക്ക് ഇതിന്റെ ഗുണം ലഭിക്കും. 11.23 കോടി രൂപ ഇതിലേയ്ക്കായി വകയിരുത്തിയിട്ടുണ്ട്. ഇത് കൂടാതെ ക്ഷീരകർഷക ക്ഷേമനിധി, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവ മുഖേന കോവിഡ് ബാധിതരായ ക്ഷീരകർഷകർക്ക് അതിജീവനത്തിനായി വിവിധതരം ധനസഹായവും വിതരണം ചെയ്തു വരുന്നുണ്ട്. തിരുവനന്തപുരം മേഖലാ യൂണിയൻ കോവിഡ് രോഗബാധമൂലം മരണപ്പെടുന്ന സജീവ അംഗങ്ങളുടെ അനന്തരാവകാശിക്ക് 25,000/- രൂപയും, ക്ഷീരസംഘം ജീവനക്കാരുടെ അനന്തരാവകാശികൾക്ക് 20,000/- രൂപയും ധനസഹായമായി നൽകുന്നു. ജീവനക്കാർക്കുള്ള കോവിഡ് ഇൻസെൻറീവ് ഇനത്തിൽ 20.6 ലക്ഷം രൂപ നടപ്പ വർഷം നൽകിയിട്ടുണ്ട്. മലബാർ മേഖലാ യൂണിയൻ കോവിഡ് രോഗം ബാധിച്ച് മരണമടഞ്ഞ ക്ഷീര കർഷകരുടെ ആശ്രിതർക്ക് ഒറ്റത്തവണ ധനസഹായമായി 10,000/- രൂപ വീതം സാമ്പത്തിക സഹായം നൽകിവരുന്നു.. കോവിഡ് പോസിറ്റീവ് ആയ ക്ഷീര കർഷകർക്ക് ആരോഗ്യ സംരക്ഷണത്തിന് ഉതകുന്ന മിൽമയുടെ ഗോൾഡൻ മിൽക്ക് ഉൾപ്പെടെയുള്ള പോഷകാഹാരങ്ങൾ ചേർത്ത കിറ്റ് സൗജന്യമായി നൽകി വരുന്നു. എറണാകുളം മേഖലാ യൂണിയൻ സബ്സിഡി നിരക്കിൽ തെർമൽ സ്കാനർ, സെൻസർ |

| | | | |
|---|---|---|---|
| | | | സാനിറ്റൈസിംഗ് മെഷീൻ എന്നിവ സംഘങ്ങൾക്ക് നൽകി. ഓൺലൈൻ പാൽവിതരണം, ഫ്ളാറ്റുകൾ കേന്ദ്രീകരിച്ച് പാൽ വിതരണത്തിന് പ്രത്യേക വാഹനങ്ങൾ, പാൽ ബൂത്തുകളിലേക്ക് സ്റ്റോക്ക് തീരുന്ന മുറയ്ക്ക് പാൽ എത്തിയ്ക്കാനുള്ള സംവിധാനംഎന്നിവ വഴി വില്പന വർദ്ധിപ്പിച്ചു. കോവിഡ് 19 മഹാമാരി മൂലം മരണമടഞ്ഞ സംഘം പ്രസിഡൻറുമാരുടേയും സ്ഥിരജീവനക്കാരുടേയും കുടുംബാംഗങ്ങൾക്ക് യഥാക്രമം 25000/- രൂപ, 10000/-രൂപ വീതം ധനസഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | കാലിത്തീറ്റ ക്ഷാമം പരിഹരിക്കുന്നതിനും വില നിയന്ത്രിക്കുന്നതിനുമായി സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം നടത്തുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | കാലിത്തീറ്റ ക്ഷാമം പരിഹരിക്കുന്നതിനായി പച്ചപ്പുൽ/ വൈക്കോൽ എന്നിവ ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളിൽ സബ്സിഡി നിരക്കിൽ കാലിത്തീറ്റ കർഷകർക്ക് വിതരണം ചെയ്യുന്നതിന് മുൻഗണന നൽകുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ക്ഷീര സംഘങ്ങളിൽ അളക്കുന്ന പാലിന്റെ തോത് അനുസരിച്ച് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്തു വരുന്നു. പ്ലാൻ ഫണ്ടിൽ നിന്നും വിഹിതം നൽകി, മിൽമയുടെ നിയന്ത്രണത്തിലുള്ള ക്യാറ്റിൽ ഫീഡ് പ്ലാന്റിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കാലിത്തീറ്റ വിതരണത്തിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ; | (സി) | ക്ഷീര സംഘത്തിൽ അളക്കുന്ന പാലിന്റെ അളവാണ് ക്ഷീരവികസന വകുപ്പിന്റെ കാലിത്തീറ്റ വിതരണത്തിനുള്ള പ്രധാന മാനദണ്ഡം. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന കാലിത്തീറ്റ പദ്ധതിക്ക്, ഗുണഭോക്താക്കൾ അതാത് പ്രദേശത്ത് താമസിക്കുന്നവരും കന്നുകാലികളെ പോറ്റുന്നവരുമായിരിക്കണം എന്ന നിബന്ധനയാണുള്ളത്. |
| (ഡി) | പഞ്ചായത്തുകൾ തോറും വിതരണത്തിനുള്ള കാലിത്തീറ്റ തടസ്സമില്ലാതെ എത്തിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങൾ മുഖേന കാലിത്തീറ്റ ഏജൻസികൾ നേരിട്ടാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. ആയതിനായുള്ള തുക ക്ഷീരവികസന വകുപ്പ് നേരിട്ട് കാലിത്തീറ്റ വിതരണ ഏജൻസികളുടെ അക്കൗണ്ടുകളിലേയ്ക്ക് കൈമാറുന്നു. ഇതു കാരണം കാലിത്തീറ്റ വിതരണത്തിന് യാതൊരു തടസ്സവും വന്നിട്ടില്ല. കൂടാതെ ക്ഷീര സംഘങ്ങൾ നേരിട്ടും കാലിത്തീറ്റ വാങ്ങി കർഷകർക്ക് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ